# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1182**.

**02-05-2017 ൽ മറുപടിയ്ക്ക്**

## ചെട്ടിപ്പാടം പാടശേഖരത്തിൽ പൊക്കാളി കൃഷി ചെയ്യുന്നതിന് നടപടി

**ചോദ്യം**
ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊക്കാളി നിലം വികസന ഏജൻസി എറണാകുളം ജില്ലയിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കിവരുന്നു. |
| (ബി) | എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | തരിശുനെൽകൃഷി വ്യാപനം, പ്രത്യേക നെല്ലിനങ്ങളുടെ വികസനം, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇത് സംബന്ധിച്ച് യോഗം വിളിച്ചു ചേർത്തിരുന്നോ; എങ്കിൽ പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | 03/04/2017-ന് യോഗം ചേരുകയുണ്ടായി. യോഗതീരുമാനങ്ങൾ താഴെച്ചേർക്കുന്നു.<br>1. പരമാവധി സ്ഥലത്ത് പൊക്കാളികൃഷി വർദ്ധിപ്പിക്കുക.<br>2. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.<br>3. പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്തുക.<br>4. തോടുകളുടെ ആഴം കൂട്ടുക.<br>5. ജലനിർഗ്ഗമന സൗകര്യങ്ങൾ ഒരുക്കുക.<br>6. മെതിയന്ത്രങ്ങൾ ലഭ്യമാക്കൽ, നിലവിലുള്ള മെതിയന്ത്രങ്ങൾ നന്നാക്കുക.<br>7.പുതിയ ട്രമ്പുകളുടെ നിർമ്മാണം, നിലവിലുള്ള ട്രമ്പുകളുടെ അറ്റകുറ്റപ്പണികൾ.<br>8. കെ.എസ്.എസ്.ഡി.എ., ആർ.ആർ.എസ്. വൈറ്റില എന്നീ ഏജൻസികളുടെ കൈവശം ലഭ്യമായ പൊക്കാളി നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| (ഡി) | ഇടകൊച്ചി വില്ലേജിൽ വർഷങ്ങളോളം പൊക്കാളി കൃഷിചെയ്തിരുന്ന 3 ഏക്കറോളം വരുന്ന ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കർഷകർക്ക് നൽകുന്ന സബ്സിഡി എത്രയാണ്; | (ഇ) | ഹെക്ടറിന് 10,000/- രൂപ ധനസഹായം നൽകുന്നുണ്ട്. |
| (എഫ്) | കർഷകതൊഴിലാളിക്ക് നൽകുന്ന ബോണസ് എത്രയാണ്? | (എഫ്) | ബോണസ് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ